## കേരള സർവകലാശാല

നം. പി.ആർ.036/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### എം.സി.എ ടൈംടേബിൾ

ഫെബ്രുവരിയിൽ ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ എം.സി.എ 2015 സ്കീം (റെഗുലർ & സപ്ലിമെന്ററി) പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സ്

തുടർ വിദ്യാഭ്യാസ വിഭാഗം (CACEE) കാഞ്ഞിരംകുളം കെ.എൻ.എം ഗവ. ആർട്സ് ആന്റ് സയൻസ് കോളേജിൽ ഉടൻ ആരംഭിക്കുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് (സി.എൽ.ഐ.എസ്സി – ആറ് മാസം) കോഴ്സിന് അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി ഫെബ്രുവരി 20 വരെ നീട്ടി. അപേക്ഷാഫോറം കോളേജിലെ തുടർ വിദ്യാഭ്യാസ ഓഫീസിൽ നിന്നും ലഭിക്കും. ക്ലാസ്സുകൾ ശനി, ഞായർ ദിവസങ്ങളിൽ മാത്രം. വിശദവിവരങ്ങൾക്ക് ഫോൺ: 9447713320.

### ബി.എ പ്രാക്ടിക്കൽ പരീക്ഷ മാറ്റി

തിരുവനന്തപുരം ഗവൺമെന്റ് വിമൻസ് കോളേജിൽ വച്ച് ഫെബ്രുവരി 15, 16 തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന അഞ്ചാം സെമസ്റ്റർ ബി.എ മ്യൂസിക് പരീക്ഷയുടെ പ്രാക്ടിക്കൽസ് ഫെബ്രുവരി 20, 21 തീയതികളിലേയ്ക്ക് മാറ്റി. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.എ.എസ്.എൽ.പി പരീക്ഷ

മാർച്ച് 13 ന് ആരംഭിക്കുന്ന അഞ്ചാം സെമസ്റ്റർ ബി.എ.എസ്.എൽ.പി പഴയ സ്കീം ഡിഗ്രി പരീക്ഷയ്ക്ക് പിഴകൂടാതെ ഫെബ്രുവരി 19, 50 രൂപ പിഴയോടെ ഫെബ്രുവരി 21, 125 രൂപ പിഴയോടെ ഫെബ്രുവരി 23 വരെ ഫീസടച്ച് അപേക്ഷിക്കാം.

### സൂക്ഷ്മ പരിശോധനയ്ക്ക് ഹാജരാകണം

2016 ഡിസംബറിൽ നടത്തിയ ബി.എ ഒന്നാം സെമസ്റ്റർ സപ്ലിമെന്ററി പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്കുവേണ്ടി ഓൺലൈനായും ഓഫ്ലൈനായും അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ തിരിച്ചറിയൽ രേഖയും ഹാൾടിക്കറ്റുമായി ഇ.ജെ V സെക്ഷനിൽ (റീവാല്യേുഷൻ) ഫെബ്രുവരി 16 മുതൽ 28 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ഹാജരാകണം.

### എം.എസ്സി ഫലം

2017 ജൂലൈയിൽ നടന്ന നാലാം സെമസ്റ്റർ എം.എസ്സി കൗൺസിലിംഗ് സൈക്കോളജി ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
14.02.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098